# ഇലച്ചാർത്തുകൾക്കിടയിലെ ഇലഞ്ഞിമരം.

.................

(കഥ)

ഷജിബുദീൻ .ബി

താഴെ തെരുവിൽ ചായപ്പീടികയിൽ സുനീഷിന്റെ മരണം ചർച്ച ചെയ്യപ്പെടുകയായിരുന്നു.
"വയസ് നാൽപതേയുള്ളൂ. കണ്ടാൽ ഒരു കല്ലുപ്പോലെ ബലവാൻ. പറഞ്ഞിട്ടെന്താ? അറ്റാക്ക് ."
"അവൻ മാത്രമല്ലല്ലോ. മീൻ സുബൈർ .ആട്ടോ മണി .എല്ലാം അറ്റാക്ക്
ചെയ്യപ്പെടുവല്ലാർന്നോ?"
"പുരുഷൻമാർക്കു മാത്രമല്ല സ്ത്രീകൾക്കും ഇപ്പോൾ അറ്റാക്ക് തന്നെയല്ലേ. "
"ഈസ്ട്രജൻ കൊണ്ടൊന്നും പ്രയോജനമില്ലെന്നായി.
"കൂട്ടത്തിൽ ഇത്തിരി പണ്ഡിതനായ ഒരാൾ പറഞ്ഞു.
"കൊറോണയ്ക്കു ശേഷം ഹാർട്ട് അറ്റാക്ക് .കൊറോണയ്ക്ക് കുത്തിയതിന്റെയെന്നാ പലരും പറേണത് ."
"ഓ, മരിക്കാൻ ഒരു കാരണം. പഴി പാവം കൊറോണയ്ക്കും."
" എന്തായാലും നമുക്ക് വയസൻമാർക്ക് പേടിക്കണ്ട. അറ്റാക്ക് മുഴുവൻ അൻപതിൽ താഴെയാ."ശിവ പാലൻ മേസ്തിരി പറഞ്ഞു. സുനീഷിന്റെ മരണം പുതിയ ചരിത്ര രചനയ്ക്കു കാരണമായി പലവഴിക്കു സഞ്ചരിക്കുന്നതിനിടയിലാണ് പത്രം സോമൻ ചേട്ടൻ ഓടിപ്പിടഞ്ഞെത്തിയത്.
"നമ്മുടെ ഭാസ്ക്കരൻ നായർ തൂങ്ങി മരിച്ചു. "
"അയ്യോ.. എന്ത്ന്?" ചായയടിച്ചു കൊണ്ടിരുന്ന ബംഗാളി പയ്യൻ ജിതൻ റാം മഞ്ചി  ചോദിച്ചു.
"ഇന്നലേം വന്ന് ചായ കുടിച്ചിട്ടു പോയതല്ലേ. അസുഖമൊന്നും ഉണ്ടായിരുന്നില്ലല്ലോ. നല്ല കല്ലൻ ആരോഗ്യമല്ലേ. കണ്ടാൽ വയസ് എഴുപത്തി അഞ്ചായെന്നു പറയില്ല. ആ മുടിയിൽ ഒന്നു ചായം തേച്ചാൽ വയസ് നാൽപ്പത്തി അഞ്ച് . ഞാനിന്നലെ

മരണവീട്ടിൽ വച്ചും കണ്ടതല്ലേ, നമ്മുടെ സുനീഷിന്റെ."ജിതൻ റാം പറഞ്ഞു നിർത്തി.

എല്ലാവർക്കുമൊപ്പം ഞാനും ഒരു ആഴമേറിയ ഞെട്ടലിൽ പതിച്ചു പോയിരുന്നു. ഒഴിഞ്ഞ കപ്പ് ജിതൻറാമിനെ ഏൽപ്പിച്ച് ഞാൻ വേഗം നടന്നു.

ഞങ്ങൾ ഒരതിരാണ്. ചെറിയൊരു കയ്യാലയുടെ വേർതിരിവു മാത്രമേ ഞങ്ങൾക്കിടയിലുള്ളൂ. മരച്ചില്ലകൾ മരതകപ്പച്ചകൊണ്ടു പണിത ഒരു കൂടാരം. അതിനിടയിൽ ഓടുമേഞ്ഞ ഒരു ചെറിയ വീട് .മൂന്നു വശവും ചെറിയ മൺതിണ്ണ. ആ വീട്ടിൽ ചെല്ലുമ്പോൾ ഒരു തണുപ്പ് ആലിംഗനം ചെയ്ത് നമ്മെ ഉമ്മറത്തിണ്ണയിൽ പിടിച്ചിരുത്തും.

ഒരിക്കൽ ഭാസ്കരൻനായർ ഒരു കവറുമായി എന്റെ വീട്ടിലേയ്ക്ക് ഗൗരവത്തോടെ കടന്നു വന്നു.രാവിലെ വിളിമണി കേട്ട് ഞാൻ ചെന്ന് വാതിൽ തുറന്നു.
"ദേ ഈ പ്ലാസ്റ്റിക് കവർ നിങ്ങളുടെ പറമ്പിൽ നിന്നും പറന്നു വന്നതാണ്." ഊണ് പൊതിഞ്ഞു വാങ്ങിയ പതിനാറ് മൈക്രോണിൽ കുറഞ്ഞ ഒരു പ്ലാസ്റ്റിക് കഷണമായിരുന്നു അത്.
"അവിടെ കുറച്ച് കൃഷിയൊക്കെ ചെയ്യുന്നുണ്ട് എന്നുള്ള കാര്യം താങ്കൾക്കറിയാവുന്നതാണല്ലോ. മണ്ണ് ചത്തു പോകും. ഈ പ്ലാസ്റ്റിക് കാരണം." ഒരു സങ്കോചത്തോടെ ഞാൻ ഒരു ന്യായത്തിനായി മനസിൽ പരതി.
"അത് കാറ്റ് കൊണ്ടു വന്നിട്ടതായിരിക്കും. " പെട്ടന്ന് കിട്ടിയ ഒരുത്തരം ഞാൻ പറഞ്ഞു.
"എന്നാൽ കാറ്റിനോട് പറയണം മേലാൽ ഇങ്ങനെ ചെയ്യരുതെന്ന് ."ഞാൻ ഒന്നു കൂടെ ഒന്ന് സങ്കോചപ്പെട്ടു.
വൃത്തിയും വെടിപ്പുമുള്ള പരിസരം.തൂത്തു വൃത്തിയാക്കിയ മുറ്റത്തിൽ കരിയിലകൾ വീണു കിടക്കുന്നതു കാണാൻ ഒരു ഭംഗിയാണ്.

ഒരു മാസത്തോളം കഴിഞ്ഞപ്പോൾ മറ്റൊരു പ്രഭാതത്തിൽ വീണ്ടും ഒരു വിളിമണി മുഴക്കം. ഞാൻ വാതിൽ തുറന്നു. ഇത്തവണ വലിയൊരു രസ കദളി വാഴക്കുലയുമായിട്ടാണ് വന്നത്. ഇതാ എന്നു പറഞ്ഞ് മുറ്റത്തു വച്ചു തിരിഞ്ഞു പോയി - എനിക്ക് ഒരു ആശയക്കുഴപ്പമായി. പണത്തിന് എനിക്കു വിറ്റതാണോ!
"ചേട്ടാ കാശ് - ? "ഞാൻ ഒരു ചോദ്യ വാക്യം പകുതിയായി മുറിച്ചു.
"കാശ് കൊടുത്ത് പുറത്തൂന്ന് വാങ്ങിക്കോളൂ. ഇതിനു കാശു വേണ്ട."

അര ഏക്കറിലധികം സ്ഥലം വരും. നിറയെ ഫലവൃക്ഷങ്ങൾ.ചുറ്റിനും പത്തലുകൾ കുത്തി നിർത്തിയുണ്ടാക്കിയ ചെറിയ വേലി. എന്റെ വീടിന്റെ കിഴക്കു വശത്തെ അയൽക്കാരൻ. മറ്റു മൂന്നു വശങ്ങളിലും എനിക്ക് അയൽക്കാരില്ല.
കുറച്ചു ദിവസം കഴിഞ്ഞ് വീണ്ടും അദ്ദേഹം വന്നു.ഒരു മൺവെട്ടിയുമായി. എന്നേയും കൂട്ടി മതിലിന്റെ വശത്തേയ്ക്കു പോയി. മതിലിനടിഭാഗത്തായി വലിയൊരു വാഴി.
"പെരിച്ചാഴി തോണ്ടുന്നതാ. കണ്ടില്ലേ മണ്ണു മുഴുവൻ തോണ്ടിമാറ്റിയിരിക്കുന്നത്. "
ഞാനും അപ്പോൾ മാത്രമാണ് അത് കാണുന്നത്. ആരോ കൊണ്ടു തട്ടിയതുപോലെ ഒരു കൂനമണ്ണ് .
" മതിലിന്റെ അടിസ്ഥാനക്കെട്ടിന് ആഴം കുറവാ.അതാ വേഗം പെരിച്ചാഴി തോണ്ടുന്നത്. മീതെ മണ്ണ് ഒന്നു ലെവലാക്കി കല്ലുവാരി വച്ച് പോകും." "അത് ഉടമസ്ഥൻ കൊട്ടേഷൻ കൊടുത്തതാ. "
"ങാ. അതാ മറ്റൊരു കുഴപ്പം -"
" അല്ലേൽ മേസ്തിരിമാർ രണ്ടു ദിവസം ചെയ്യാനുള്ള പണി പത്തു ദിവസമാക്കും."
" ങാ. അവർ ലാഭം നോക്കി കൊടുത്തു. മേസ്തിരി ലാഭം നോക്കി ചെയ്തു. ഫലം പെരിച്ചാഴിക്കു പണി എളുപ്പമായി.

എനിക്കു
ജോലിയുമായി. "
ദ്വാരത്തിലേയ്ക്ക് ഒരു കമ്പിറക്കി അഴം നോക്കി.
"അഞ്ചടിയിലധികം തോണ്ടി കയറിയിരിക്കുകയാണ്. "
മണ്ണ് ചെളി രൂപത്തിൽ കുഴച്ച് പൊത്തിലേയ്ക്ക് കുത്തിയിറക്കി.
കൊണ്ടുവന്നപ്പൊതി തുറന്ന്  ഇടയ്ക്കിടയ്ക്ക് കുറേ തലമുടിയും
കലർത്തി.
"എന്തിനാ ഈ തലമുടി?"ഞാൻ ചോദിച്ചു.
" ങാ.വിഷം കൊണ്ടൊന്നും പെരിച്ചാഴി ചാവില്ല. മുടി മൂക്കിൽ
കയറിയാൽ തുമ്മാൻ തുടങ്ങും. പിന്നെ തുമ്മിതുമ്മി അതങ്ങു
ചത്തോളും. "
പിഎച്ച്ഡി വരെ കഴിഞ്ഞ ഞാൻ എത്ര അജ്ഞാനിയാണ് എന്ന്
എനിക്കു തോന്നി.പഠിപ്പ് പാഠത്തിലല്ല, പ്രകൃതിയിലാണ് എന്ന്
അച്ഛൻ പറയുമായിരുന്നത്  ഓർമ വന്നു.
"എന്തായാലും തൽക്കാലം അതു വരില്ല. "എന്നു പറഞ്ഞ്
അയാൾ പോയി.

ഭാസ്ക്കരൻനായർ സർക്കാർ സർവീസിലായിരുന്നു.  വീടിന്റെ
ഇടത്തേ കോൺനിറയെ വാഴകളാണ്.ഒരു ഭാഗത്ത് പയറു
വർഗങ്ങൾ. വെണ്ട ,വഴുതന അങ്ങനെ അനേകം വിളവുകൾ.
മിക്കവാറും ഭാസ്ക്കരൻ നായരെ ഇവകൾക്കിടയിൽ കാണാൻ
കഴിയും.

ഒറ്റയ്ക്കുള്ള എന്റെ ജീവിതത്തിൽ ഭാസ്ക്കരൻനായരും സുമതി
ചേച്ചിയും കുടിവയ്പുകാരായി. ലോകത്ത് എന്തിനെ കുറിച്ചും
അറിവുള്ള സ്ത്രീയായിരുന്നു സുമതി ചേച്ചി. ഒരിക്കൽ
നിർത്താതെയുള്ള എന്റെ ചുമ കേട്ട് ഒരു ചെറിയ കിണ്ണത്തിൽ
എന്തോ കൊണ്ടുവന്ന് കയ്യാലവശത്തു നിന്ന് വിളിച്ചു.
" കുടിച്ചോളൂ. ചുമപോകും."
ഡോക്ടർ എഴുതാത്ത മരുന്നുകളിലൊന്നും എനിക്ക്
വിശ്വാസമുണ്ടായിരുന്നില്ല. പക്ഷേ വേണ്ടെന്നു
പറയുന്നതെങ്ങനെ?

"ഇളം ചൂടോടെ കുടിക്കണം.കുടിച്ചോളൂ. "വീണ്ടും നിർബന്ധിച്ചു. വാങ്ങി ഒരിറക്ക് കുടിച്ചു.മധുരമുള്ള എന്തോ ഒന്ന്.പിന്നെ ചുമച്ചില്ല.

ഞങ്ങളുടെ അടുപ്പം കൂടിയപ്പോൾ എന്റെ വൈകുന്നേരം ചായ കുടി അവർക്കൊപ്പമായി.കപ്പയും പുളിയും മുളകു ചമ്മന്തിയും, ചിലപ്പോൾ പഴംപൊരി. ചായയ്ക്കൊപ്പം എന്നും ഇങ്ങനെ എന്തെങ്കിലും കാണും.എല്ലാം സ്വന്തം തൊടിയിലെ വിളവുകൾ കൊണ്ട് പാകപ്പെടുത്തിയത്.ഒരിക്കൽ കയ്യാല വശത്ത് നിന്ന ഞാൻ ചോദിച്ചു. "മക്കളുടെ കൂടെ ചെന്നു നിൽക്കാത്തതെന്താ? "
"മക്കൾടെ കൂടെയല്ലേ ഞങ്ങളിപ്പോൾ നിൽക്കുന്നത്. "പാവലിന്റെ വള്ളി പന്തലിൽ പടർത്തിക്കൊണ്ടു നിന്ന ഭാസ്കരൻനായർ മറുപടി പറഞ്ഞു. "ഞങ്ങളിവിടുന്ന് പോയാൽ ഈ പിള്ളാരൊക്കെ എങ്ങനെയാ വളരുക ."അപ്പോൾ പാവയ്ക്ക അയാളുടെ കവിളിൽ തൊട്ടു നിൽക്കുകയായിരുന്നു.

ജീവിതത്തിന്റെ സന്ധ്യയിൽ ഒന്നിച്ചു കത്തിച്ചു വച്ച രണ്ടു മൺചെരാതുകൾ. ഒന്നു ചേർന്ന ആ പ്രകാശത്തിൽ ഇരുളിന്റെ അടരുകൾ  അലിഞ്ഞു വീണു. രാത്രിയിൽ ആകാശം നക്ഷത്രങ്ങൾ കൊണ്ട് പൂവിടുമ്പോൾ, അതിനു നേരെ പിടിച്ച ഒരു കണ്ണാടിക്കഷണംപോലെ ആ വീടും പരിസരവും മിന്നാമിനുങ്ങൾ കൊണ്ട് നിറയും.

പഴയ വെസ്പ സ്കൂട്ടറിൽ വൈകുന്നേരങ്ങളിൽ ഭാര്യയും ഭർത്താവും കൂടി ഒരു സഞ്ചാരമുണ്ട്. വിവാഹ ജീവിതത്തിന് അതുവരെ എനിക്കു രുചിക്കുവാനാകാത്ത ഒരു മധുരം ഞാൻ കാണുകയായിരുന്നു. എനിക്കെന്റെ സുമത്തെ ഓർമ്മ വന്നു. ബന്ധങ്ങളുടെ ജീവനായ സംസാരം ഞങ്ങൾക്കിടയിൽ ഒരു ഘട്ടമായപ്പോൾ നിലച്ചിരുന്നു. അതിന്റെ അവസാന തുടിപ്പായി ഒരു ദിവസം അവൾ പറഞ്ഞു, "ഐ ആം ഏർണിംഗ്.ഐ നെവർ ഡിപന്റ് എനിവൺ എനിതിംഗ് "

" പരസ്പരം ആശ്രയിച്ചല്ലേ ഏതൊരു ജീവിക്കും ജീവിതമുള്ളൂ.മാത്രമല്ല, ജീവിതം ചെറുതല്ലേ.ഈ കാഴ്ചകളൊക്കെ കണ്ട് നമുക്ക് പതുക്കെ പോകാം. " ഞാൻ പറഞ്ഞു.
" നിങ്ങൾ പതുക്കെ വന്നോളൂ. ഞാൻ പോകുന്നു." അവൾ ഇറങ്ങിപ്പോയി. ഐ റ്റി കമ്പനിയിൽ നിന്നും മാസം ഒരു ലക്ഷത്തിലധികം ശമ്പളം വരുമാനമായപ്പോൾ അതുവരെ കാണാത്ത ഒരു സ്ത്രീ ജനിക്കുകയായിരുന്നു. പിന്നീടൊരിക്കൽ ഒരു കാറിൽ നഗരമധ്യത്തിൽ വച്ച് കണ്ടു. അപ്പുറത്ത് സുമുഖനായ ഒരു ചെറുപ്പക്കാരൻ. സുമം എന്ന് വിളിച്ചതാണ്. പക്ഷേ അവൾ കേട്ടില്ല. ചെവിയിൽ ഇയർഫോണിന്റെ തടസമുണ്ടായിരുന്നു.

"ഒരു കുമ്പളത്തിന്റെ വള്ളി നിങ്ങളുടെ കയ്യാലയിലേയ്ക്ക് പടർന്നു കയറിയിട്ടുണ്ട്. നിങ്ങൾക്കത് ബുദ്ധിമുട്ടാവുമോ.? "കൃഷിനനയ്ക്കവേ ഒരിക്കൽ ഭാസ്കരൻനായർ ചോദിച്ചു. "ഇല്ല. അത് അതിന്റെ ഇഷ്ടം പോലെ പടർന്നോട്ടെ." ഞാൻ മറുപടി പറഞ്ഞു.

ഒരു ദിവസം ആരോടും ഒന്നും പറയാതെ സുമതി ചേച്ചി ചൂലിനരികിൽ വീണു മരിച്ചു.

ഭാര്യ മരിച്ചതിനു ശേഷം അദ്ദേഹം പിന്നീട് വാഹനം എടുക്കാറില്ലായിരുന്നു.കവലയിലേക്ക് നടന്നു പോകും. ഒരു കട്ടൻ ചായ കുടിക്കും. ജിതൻറാമിനറിയാം ആ ചായയുടെ പാകം. സുമതിച്ചേച്ചിയുടെ പാകം ജിതൻറാമിന്റെ കൈയ്യിൽ ഏൽപ്പിച്ചതു പോലെ.പതിയപ്പതിയെ ഭാസ്കരൻനായർ ഒരു വിഷാദ ലോകത്തേയക്ക് പ്രവേശിച്ചു. പ്രപഞ്ചത്തിന്റെ ഏതോ ഒരറ്റത്തൂടെയുള്ള ഒരു ഏകാകിയുടെ നടത്തം പോലെ ആ ജീവിതം മാറി. ഭൂമിയെ അൽപ്പവും വേദനിപ്പിക്കാതെയുള്ള ചുവടുകൾ. വൈവിധ്യമാർന്ന കാഴ്ചകളിൽ പിന്നീട് ആ കണ്ണുകൾ ഉടക്കിയില്ല. തീരത്തു നിന്നും കടലിലൂടെ തിരകൾ

കടന്ന് ചക്രവാളം കടന്ന് മേഘങ്ങൾക്കിടയിലേയ്ക്ക് സഞ്ചരിക്കുന്നതായി തോന്നും ഒറ്റയ്ക്കുള്ള ആ നടത്തം കണ്ടാൽ. വിജനതയിൽ ചുവടുകൾ തളർന്നു. നിശബ്ദതയിൽ വാക്കുകൾ അടർന്നു പോയ ഒരു ചെടിയായി മാറി.
"ഒരു പാട് ആളുകൾ ഉണ്ടാകുമ്പോഴല്ല. മിണ്ടാൻ ഒരാൾ ഉണ്ടാകുമ്പോഴാണ് നമ്മൾ ജീവിക്കുന്നത്." ഒരു ദിവസം ജിതൻറാമിന്റെ കടയിലേയ്ക്ക് ഒരുമിച്ചുള്ള നടത്തത്തിനിടയിൽ പറഞ്ഞു.

യഥാസമയം വെള്ളം കിട്ടാതെ നട്ടുപിടിപ്പിച്ച തൈകളെല്ലാം ഉണങ്ങാൻ തുടങ്ങി.സുമതി ചേച്ചി തൂത്തു വെടിപ്പാക്കിയിട്ടിരുന്ന മുറ്റമാകെ
കരിയില കൊണ്ടു നിറഞ്ഞു.

ആരു കാണണം, ആരു കാണണ്ട, ആരു കൊള്ളിവയ്ക്കണം എന്നൊക്കെ ഒടേതമ്പുരാൻ എഴുതിവച്ചിട്ടൊണ്ട്. അതിനെ മറിച്ചു കടക്കാൻ മനുഷ്യനാവതല്ലല്ലോ സുമതി.
അവർക്കാർക്കും എത്താൻ കഴിഞ്ഞില്ല. ഭാര്യയുടെ ചിതയ്ക്ക് തീപിടിപ്പിക്കുമ്പോൾ ഭാസ്ക്കരൻനായർ പിറുപിറുത്തു. എന്റെ ചൂടും തണുപ്പുമെല്ലാം താങ്കൾ തന്നെയല്ലേ. എന്റെ ജീവിതം അണപൊട്ടിയതും ഒഴുകിയതും താങ്കളിൽ.
പിന്നെന്താ .സുമതിച്ചേച്ചി മറുപടി പറഞ്ഞതും ഞാൻ കേട്ടു.
മഴയത്ത് ഇലച്ചാർത്തുകൾക്കടിയിലൂടെ മഴയിൽ കുടയും പിടിച്ച് ഒറ്റയ്ക്ക് നടക്കുന്ന ഒരാൾ.ഭാസ്ക്കരൻനായരുടെ പിന്നീടുള്ള ജീവിതം അങ്ങനെയായിരുന്നു.

"നോക്ക് അവൾ ഇവിടെയുണ്ട്. വല്ലപ്പോഴും ഞാനിടുന്ന ഒരു ചായയുടെ പാകമുണ്ട്. അവളുടെ ഒരേ ഒരു രുചി.. ഈ മണ്ണിൽ ഒരു മന്ദഹാസമായിരുന്നു അവൾ."
ഏറെ നേരം നിശബ്ദനായിരുന്നു.പിന്നെ തുടർന്നു.
"മകൻ വിളിക്കുന്നുണ്ട്. എനിക്കു കഴിയില്ല. അവളുടെ മണമില്ലാത്ത പരിസരത്തിൽ... "

ബന്ധുക്കൾ ഒഴിഞ്ഞ് ഒറ്റയ്ക്കായ നാളുകളിൽ ഒന്നിൽ ഭാര്യയുടെ കുഴിമാടത്തിനരികിൽ വച്ച് അദ്ദേഹം എന്നോട് പറഞ്ഞു.
" അവൻ പറയുന്നു.അച്ഛൻ കൂടെ വന്നേ പറ്റൂ. വെറുതെ ആളുകളുടെ കുത്തി മുറിയുന്ന ചോദ്യങ്ങൾക്ക് ഉത്തരം പറയാൻ ഞാനില്ല. അച്ഛൻ ഇനി ഒറ്റയ്ക്ക് നാട്ടിൽ. ഇവിടെ ജോലിക്ക് ആളുണ്ട്.കൂട്ടിന് ചാർളിയുണ്ട്. അവന്റെ കുസൃതിയും മറ്റും കണ്ടു തീർക്കാൻ തന്നെ സമയം തികയില്ല. ഇനി കൃഷിയാണ് വേണ്ടതെങ്കിൽ ഞാൻ ഡ്രം കൃഷിയ്ക്കുള്ള ഏർപ്പാടു ചെയ്തു തരാം ."

"വേര് ആഴത്തിൽ ഊന്നിപ്പടരണം. ജലം തേടി സ്വയം സഞ്ചരിക്കണം. ചുറ്റിപ്പടർന്ന് വേരുകൾ കൊണ്ട് പരസ്പരം ആലിംഗനം ചെയ്ത് ഒന്നായി മാറണം.ഡ്രമ്മിനുള്ളിൽ വേരു പടരാനാകാതെ സ്വയം ചുറ്റിപ്പിടിക്കും. എന്നെ സ്നേഹിക്കുന്ന ഞാൻ എന്നൊക്കെ പറയും പോലെ. ആരുമായും ഒന്നും പങ്കുവയ്ക്കാതെ അവനവനെ ആലിംഗനം ചെയ്തു പടരും. ഇതൊന്നും പറഞ്ഞാൽ അവനു മനസിലാകില്ല. അസംബന്ധന്യായങ്ങൾ എന്നു പറയും."
"ആരാ ചാർളി കൊച്ചുമോനാ? " ഞാൻ ചോദിച്ചു.
"കൊച്ചുമോനോ. അവന്റെ വളർത്തുനായ. ജർമ്മനിയിൽ നിന്നെങ്ങാണ്ടോ
വാങ്ങിയതാ.പ്രത്യേകം വീടും സൗകര്യങ്ങളും അതിനുണ്ട്. അതിനൊരു വേലക്കാരനുണ്ടായിരുന്നു. അതിന്റെ കടിയേറ്റ് അയാൾ ഓടിപ്പോയി.പിന്നീട് തിരിച്ചു ചെന്നില്ല.....
മക്കളേയും മരണത്തേയും കാത്ത് അവൾ മൂന്നു മാസം കിടന്നു. മരിക്കും മുൻപ് സഫലമാകാത്ത ആഗ്രഹങ്ങൾ ഉണ്ടെന്ന് ഒടുവിൽ മരണം പറഞ്ഞു. അവളുടെ കണ്ണീർ വരച്ച ചിത്രങ്ങൾ വടുക്കളായി ആ തലയിണനൽ പതിഞ്ഞു കിടപ്പുണ്ട്. അതിനരികിൽ കിടന്ന് എനിക്കും മരിക്കണം."
എന്തു മറുപടി പറയണമെന്നറിയാതെ ഞാനിരുന്നു.

മകന്റെ ഫോൺ വരുന്നതിന്റെ അന്നൊക്കെ അദ്ദേഹം കൂടുതൽ വിഷാദാവനായി.അപൂർവ്വമായി മാത്രം വീടിനു പുറത്തു കണ്ടു.
കുമ്പളത്തിന്റെ വള്ളി കയ്യാല കടന്ന് എന്റെ വാടക ഭൂമിയിലെത്തി. തറയിൽ വേരാഴ്ത്തി പന്തലിച്ച വള്ളിയിൽ പൂക്കൾ മൊട്ടിട്ടു. മൊട്ടിൽ ഒരെണ്ണം നല്ല കരുത്തിൽ വളർന്നു.കുറേ ദിവസങ്ങൾക്കുള്ളിൽ അത് അസാമാന്യ വലിപ്പം വച്ചു.ഒരു ചക്കയോളമുള്ള കുമ്പളം.അത് പൂർണ വളർച്ചയെത്തിയപ്പോൾ അതിനെയും മുറിച്ചെടുത്ത് ഞാൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി.
"നോക്കൂ ഇവിടത്തെ കുമ്പളവള്ളി എന്റെ പറമ്പിൽ കിടന്ന് പ്രസവിച്ചു. "
തെല്ല് തമാശയിൽ അദ്ദേഹമൊന്ന് ചിരിക്കാനും കൂടി മനപ്പൂർവ്വമായി ഞാൻ പറഞ്ഞു. അദ്ദേഹം ആ കുമ്പളത്തിൽ വാൽസല്യത്തോടെ  തൊട്ടു."ഇത് നിങ്ങൾ തന്നെ എടുത്തോളൂ, ഇവിടെ ഇത്  കഴിക്കാൻ ആളില്ല. "
അവിടെയും ആളില്ലല്ലോ. ഞാനത് അദ്ദേഹത്തോട് പറഞ്ഞില്ല. ഒരു വാടക  വീട്ടിൽ ഒറ്റയായ എനിക്കും ഇത്രയും വലിയ കുമ്പളം ആവശ്യമില്ലായിരുന്നു. ഞാനൽപ്പനേരം നിന്നിട്ട് കുമ്പളവുമായി തിരികെ നടന്നു. ആ അന്തരീക്ഷത്തിൽ പെട്ടാൽ പിന്നീട് എനിക്കവിടം വിട്ടു വരാൻ കഴിയാറില്ല. പലപ്പോഴും എന്നെ ഞാൻ , അമ്മ അയൽപക്കത്തു കളിക്കാൻ പോയ കുഞ്ഞിനെ നിർബന്ധിച്ചു തിരികെ വിളിച്ചു കൊണ്ടുവരുന്നതു പോലെ പിടിച്ചു കൊണ്ട് വരാറാണ് പതിവ്.

"ങാ. ഒന്നു നിൽക്കു .ഒരു കാര്യം പറയാനുണ്ട്.ഞാൻ നാളെ പോകും അവൻ ഫ്ലൈറ്റ് ടിക്കറ്റും എല്ലാം അയച്ചു തന്നിട്ടുണ്ട്. "
"നല്ലത്.ഈ ഒറ്റപ്പെടലിൽ നിന്ന് മോചനമാകട്ടെ." ഞാൻ പറഞ്ഞു.
എന്റെ ശ്രദ്ധ പരിസരത്തിലുടക്കി.മുറ്റം മുഴുവൻ അടിച്ചു വൃത്തിയാക്കിയിരിക്കുന്നു. വാടിത്തുടങ്ങിയ വള്ളിപ്പടർപ്പുകൾ ജലം കിട്ടി ഉർജസ്വലരായി എഴുന്നു നിൽക്കുന്നു. അദ്ദേഹം

ജീവിതത്തിലേയ്ക്ക് മടങ്ങി വന്നിരിക്കുന്നു. എനിക്കു സന്തോഷം തോന്നി.
അദേഹം എന്റെ അടുക്കൽ വന്നു. "ഞാൻ ഒരു കാര്യം ചോദിക്കട്ടെ.... " അൽപ നേരം മൗനമായി. പിന്നെ തുടർന്നു. "ഈ ഭൂമി നിങ്ങൾക്കു തരട്ടെ. നിങ്ങൾ ഇവിടെ താമസിച്ചോളൂ."ശേഷം പെട്ടെന്ന് എന്നെ കെട്ടിപ്പിടിച്ച് അയാൾ തേങ്ങി.ഞാൻ സ്തബ്ധനായിപ്പോയി. ബലം നഷ്ടമായ മസിലുകൾ. വിറയാർന്ന ശരീരം. ആ സങ്കടത്തിന് ചാരി നിൽക്കാൻ ഒരു ചുമലായി ഞാൻ നിന്നു കൊടുത്തു.പിന്നെ എന്നെ വിട്ട് പിന്നോട്ട് നടന്ന് മൺ തിണ്ണയിൽ പോയിരുന്നു. അപ്പോഴും ആ കണ്ണുകൾ തോർന്നിരുന്നില്ല. ഞാനും ഏറെ നേരം ആ മൺതിണ്ണയിലിരുന്നു.
"എന്റെ സുമതി അലിഞ്ഞു ചേർന്ന മണ്ണ്. അവൾ കൂടി വളമായിത്തീർന്ന് വളർന്ന തളിർപ്പടർപ്പുകളും.  അവൾ മുൻപേ പോയി.
എനിക്കും ഈ മണ്ണിൽ അലിഞ്ഞു ചേർന്നാൽ മതി."
അദ്ദേഹത്തിന്റെ കണ്ണുകൾ ഒരു നിലയ്ക്കാത്ത പ്രവാഹമായി. "ആർക്കുമാർക്കും വേണ്ടാത്ത മണ്ണായി, തിരിഞ്ഞു നോക്കാനാളില്ലാത്ത ഒന്നായി ഇത് തീരും... " പിറുപിറുക്കും പോലെ അവസാനത്തെ വാക്കുകൾ. തണുപ്പു നിറഞ്ഞ പച്ചപ്പുകളും ഒരു തലമുറയുടെ ജീവിതത്തിന്റെ അടയാളങ്ങളും അനാഥമാവുകയാണ്. എത്ര വിയർപ്പു മണികളാണ് ഇവിടെ മുത്തുകളായി മാറിയിരിക്കുന്നത്. ഇതളുകൾ അടഞ്ഞ് മൊട്ടിലേയ്ക്ക് മടങ്ങുന്ന ഒരു പൂവു പോലെയായി അദ്ദേഹം.

രാത്രി ഞാൻ വീണ്ടും ചെന്നു. വസ്ത്രമെല്ലാം ഒരുക്കിവയ്ക്കാൻ സഹായിച്ചു. "രാവിലെ പത്തു മണിയോടെ കാറു വരും.അപ്പോൾ യാത്ര പറയാൻ കഴിഞ്ഞന്നു വരില്ല. കേട്ടോ. "ആ വാക്കുകളിൽ പ്രിയപ്പെട്ടവരുടെ അടുക്കൽ പോകുന്നതിന്റെ സന്തോഷം പ്രകടമായിരുന്നു.
"ഏറെ നേരമിരിക്കണ്ട. കിടന്നോളൂ. രാവിലെ പുറപ്പെടേണ്ടതല്ലേ."ഞാൻ യാത്ര പറഞ്ഞിറങ്ങി.

പിറ്റേന്ന് വിളിച്ചു ശല്യപ്പെടുത്താനായി പോയില്ല. ജിതൻറാമും അന്നു വൈകുന്നേരം നാട്ടിലേയ്ക്ക് പോവുകയാണ്. അവനെ ഒന്നു കാണണം."ഹോളി, ബാപൂ ഓർ മാം കെ സാത്. " നാടിനെ കുറിച്ചു പറയുമ്പോൾ അവന്റെ നാവിൽ ഹിന്ദിയേ വരൂ. അവിടെ ഗോതമ്പു കൃഷിയുണ്ട്.അച്ഛനെ സഹായിക്കണം. പിന്നെ ബീബിയോടും മക്കളോടും കുറച്ചു ദിവസം നിൽക്കണം. അവൻ ആകാശത്തിലേയ്ക്കു നോക്കി. ചക്രവാളത്തിനപ്പുറം നാടും കുടുംബവും അവന്റെയുള്ളിൽ ഒരു ആനന്ദമായി നിറയുന്നത് ഞാൻ കണ്ടു. എന്നോട് മിണ്ടുന്ന രണ്ടു പേരും രണ്ടു നാട്ടിലേയ്ക്ക് പിരിയുകയാണ്.ഒരു ഏകാന്തത എന്നെ വന്നു മൂടിയ  പ്രഭാതത്തിലാണ് ഞാൻ ഒരു ചായ കൂടി തേടി ജിതൻറാമിനരികിൽ എത്തിയത്.

മുളങ്കമ്പുകൾ കൊണ്ട് കെട്ടിയുണ്ടാക്കിയ ചെറിയ ഗേറ്റ് കടന്ന് ഞാനെത്തുമ്പോൾ തീരെ കുറച്ചു പേരേ അവിടുണ്ടായിരുന്നു.ചില ബന്ധുക്കൾ എത്തിയിരുന്നു. ഒരു വേർപാടിൽ കരയാൻ പാകത്തിലുള്ള ബന്ധുക്കളൊരും അതിലുണ്ടായിരുന്നില്ല. "ഭാര്യയുടെ സാരിയിലാ... വീടിന്റെ തെക്കേ മൂലയിലെ ഇലഞ്ഞി മരത്തിൽ." മുറ്റത്തു നിന്ന രണ്ടു പേർ തമ്മിൽ സംസാരിച്ചു. ഇലഞ്ഞിമരം. ഞാൻ നേരത്തെ കണ്ടിട്ടുണ്ട്. അതിൽ അഴിച്ചുമാറ്റാത്ത ഒരു ഊഞ്ഞാലുണ്ടായിരുന്നു. " സുധിക്ക് കുഞ്ഞുണ്ടായപ്പോൾ കെട്ടിയതാ. അവർ വരുമ്പോൾ ഊയലാടി മാനം തൊടാൻ.പക്ഷേ അവർ വന്നില്ല."ഒരിക്കൽ സുമതിച്ചേച്ചി ആ ഊഞ്ഞാലിന്റെ ചരിത്രം പറഞ്ഞു. അതു പറയുമ്പോൾ അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു.

ഞാൻ അങ്ങോട്ടേയ്ക്ക് പോയില്ല. രാത്രിയിലെ ഇലഞ്ഞിമരം മിന്നാമിന്നികൾ കൊണ്ട് വർണാഭമാകും. കറുത്ത ശീലമൂടിയ കുടയിൽ പ്രകാശകണികകൾ കോർത്തു വച്ച പോലെ.

മുറിയ്ക്കകത്തു നിന്നും  ഭാസ്ക്കരൻനായരുടെ ഫോണുമായി ഒരാൾ മുറ്റത്തേയ്ക്കു വന്നു. "ദേ ആരോ വിളിക്കുന്നു. പേരില്ല. ആരെങ്കിലും ഒന്ന് എടുക്കൂ. "ഫോൺ കൊണ്ടുവന്ന ആൾ പറഞ്ഞു. ആരും ആ വിളി സ്വീകരിക്കാൻ തയ്യാറായില്ല.മരിച്ചവന്റെ ഫോൺ അവന്റെ ആത്മാവിനെ പേറുന്ന ഒരു പെട്ടിയാണ്.അത് തൊടാൻ ജീവിച്ചിരിക്കുന്നവർ ഭയപ്പെടും.

"തരൂ ഞാനെടുക്കാം." ഞാൻ ഫോൺ വാങ്ങി.

"ഹലോ.ഭാസ്ക്കരൻനായരല്ലേ?"ഒരു നിമിഷം ഞാൻ മറുപടിയ്ക്കായി മനസിൽ പരതി.

"ഹലോ,ഭാസ്ക്കരൻനായരല്ലേ?"ചോദ്യകർത്താവ് അക്ഷമനായി ആവർത്തിച്ചു.

" അല്ല. അദ്ദേഹം പുറത്തു പോയിരിക്കുന്നു."

അതല്ല പറയേണ്ടതെങ്കിലും അങ്ങനെ ഒരുത്തരമാണ് അപ്പോൾ എന്നിൽ നിന്നും വന്നത്.

" ഓ. അദ്ദേഹം വരുമ്പോൾ പറഞ്ഞേക്കൂ. അദ്ദേഹത്തിന്റെ മകൻ അൽപം മുൻപ് മരിച്ചു പോയി. അറ്റാക്കായിരുന്നു."ശേഷം ഒരു മറുപടിയ്ക്കു കാത്തു നിൽക്കാതെ മറുതലയ്ക്കൽ ഫോൺ കട്ടായി.അപ്പോൾ കനത്തു തുടങ്ങിയ വെയിലിൽ വള്ളിപ്പടർപ്പുകൾ വാടാൻ തുടങ്ങിയിരുന്നു.

..........................